**സെൻ്റർ ഫോർ ഡവലപ്മെൻ്റ് സ്റ്റഡീസ്**
**ഉള്ളൂർ, തിരുവനന്തപുരം**
**ഫോൺ: 2774 255, 2774 200**

തീയതി: 04/09/2020

സെൻ്റർ ഫോർ ഡവലപ്മെൻ്റ് സ്റ്റഡീസിലെ സ്റ്റാഫ് ബസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെയും വൈകുന്നേരവും കരാറടിസ്ഥാനത്തിൽ ഓടിക്കുന്നതിന് താല്പര്യമുള്ള ഉദ്യോഗാർഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന രേഖകൾ എന്നിവ 14.09.2020 വൈകുന്നേരം 3:00 മണിക്ക് മുമ്പ് എസ്റ്റേറ്റ് & എഞ്ചിനീയറീങ്ങ് സെക്ഷനിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. (ഫോൺ: 0471-2774255 & 2774200).

**<u>വിശദാംശങ്ങൾ</u>**

| | |
|---|---|
| യോഗ്യത | : ട്രാൻസ്പോർട്ട് വെഹിക്കിൾ ലൈസൻസ് |
| പ്രവൃത്തിപരിചയം | : 5 വർഷം |
| പ്രായപരിധി | : 25–58 വയസ്സ് |

അപേക്ഷ സമർപ്പിക്കേണ്ട രീതി : വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിശദമായ ബയോഡേറ്റയും, പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻ്റെ പകർപ്പുക ളും സഹിതം.

***നിയമനവ്യവസ്ഥകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.***

തിങ്കൾ മുതൽ വെള്ളി വരെ (പ്രവൃത്തി ദിവസങ്ങളിൽ) രാവിലെ 8:00 ന് സി.ഡി.എസ്സിൽ നിന്ന് യാത്ര ആരംഭിച്ച് നിർദേശിക്കുന്ന റൂട്ടിൽ തമ്പാനൂർ വഴി തിരിച്ച് സി.ഡി.എസ്സിൽ എത്തിച്ചേരണം. വൈകുന്നേരങ്ങളിൽ 5:00 ന് മേൽപ്പറഞ്ഞ പ്രകാരം സി.ഡി.എസ്സിൽ നിന്ന് യാത്ര ആരംഭിച്ച് തിരിച്ച് സി.ഡി.എസ്സിൽ എത്തിച്ചേരണം. സി.ഡി.എസ്സിൽ നിന്ന് യാത്ര ആരംഭിച്ച് തിരിച്ച് സി.ഡി.എസ്സിൽ എത്തിച്ചേരുന്നതുവരെയുള്ള നിർദ്ദിഷ്ട സേവനം ഒരു ട്രിപ്പ് ആയി കണക്കാക്കപ്പെടും. ട്രിപ്പൊന്നിന് Rs.200/- (ഇരുനൂറ് രൂപ) പ്രകാരം പ്രതിദിനം Rs.400/- (നാനൂറ് രൂപ) എന്ന രീതിയിലാണ് വേതനം നിശ്ചയിച്ചിരിക്കുന്നത്. സി.ഡി.എസ് ട്രിപ്പ് റദ്ദാക്കുകയോ ഡ്രൈവർ എതെങ്കിലും ട്രിപ്പിന് എത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മേൽപ്പറഞ്ഞ വേതനത്തിൽ ആനുപാതികമായ കിഴിവ് വരുത്തുന്നതാണ്. ഡ്രൈവറുടെ ഒരു മാസത്തെ വേതനം ട്രിപ്പ് അടിസ്ഥാനത്തിൽ കണക്കാക്കി തൊട്ടടുത്ത മാസം ആദ്യത്തെ ആഴ്ച നൽകുന്നതായിരിക്കും. ഏതെങ്കിലും സാഹചര്യങ്ങളിൽ ഡ്രൈവർക്ക് ട്രിപ്പ് നിർവ്വഹിക്കാൻ സാധിക്കാത്തപക്ഷം പ്രസ്തുത വിവരം പരമാവധി നേരത്തെ തന്നെ ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്.

സെൻ്റർ ഫോർ ഡവലപ്മെൻ്റ് സ്റ്റഡീസിന് 5 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവർക്ക് മുൻഗണന.

രജിസ്ട്രാർ